പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3016 **29-10-2026-ൽ മറുപടിയ്ക്ക്**

മലബാർ പ്രദേശത്തെ പ്ലസ് വൺ സീറ്റുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. എ. കെ. എം. അഷ്റഫ്

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) മലബാർ പ്രദേശത്തു നിന്നും എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകുന്ന മുഴുവൻ കുട്ടികൾക്കും പ്ലസ് വൺ കോഴ്സുകൾക്കു ചേരുന്നതിനാവശ്യമായ സീറ്റുകൾ ലഭ്യമാണോ എന്നു പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: പ്ലസ് വൺ പ്രവേശന നടപടികൾ ആരംഭിക്കുന്നതിന് മുമ്പായി എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകുന്ന വിദ്യാർത്ഥികളുടെ എണ്ണവും മുൻ വർഷങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണവും താരതമ്യം ചെയ്ത് സീറ്റിന്റെ ലഭ്യത പരിശോധിക്കാറുണ്ട്. കുട്ടികൾ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കോഴ്സുകളിലെ സീറ്റുകൾ താത്പര്യപ്പെടുന്നതിനാൽ മതിയായ സീറ്റുകൾ ലഭ്യമല്ല. 2026-2027 അധ്യയന വർഷം പ്രവേശന നടപടികൾ മുഖ്യഘട്ടം പൂർത്തീകരിച്ച ശേഷം സീറ്റിന്റെ ആവശ്യകത വീണ്ടും പരിശോധിച്ച് ആയതിന്റെ കുറവ് പരിഹരിക്കുന്നതിനായി മലബാർ മേഖലയിൽ 120 അധിക ബാച്ചുകൾ അനുവദിക്കുകയുണ്ടായി. കൂടാതെ ആവശ്യകതയനുസരിച്ച് മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ മറ്റേതെങ്കിലും ഭാഗങ്ങളിൽ പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിൽ സീറ്റുകൾ, ബാച്ചുകൾ ഒഴിഞ്ഞ് കിടക്കുന്നത് ഒന്നാം വർഷ പരീക്ഷ നോമിനൽ റോൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ. 2027-28 അധ്യയന വർഷത്തെ ആവശ്യകത കണക്കാക്കുന്നതിനൊടൊപ്പം പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്ന ബാച്ചുകൾ കൂടി പരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) മലബാർ പ്രദേശത്ത് നിന്നും എസ്.എസ്.എൽ.സി പാസ്സാകുന്നവർക്കെല്ലാം അവരവർ പഠിച്ച മേഖലയിൽ തന്നെ പ്ലസ് വൺ കോഴ്സിന് ചേരുന്നതിനാവശ്യമായ സീറ്റുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

മറുപടി: 2026-2027 അധ്യയന വർഷം മലബാർ പ്രദേശത്ത് നിന്നും എസ്.എസ്.എൽ.സി. പാസ്സാകുന്നവർക്കെല്ലാം അവരവർ പഠിച്ച മേഖലയിൽ തന്നെ പ്ലസ് വൺ കോഴ്സിന് ചേരുന്നതിന് ആവശ്യമായ സീറ്റുകൾ ലഭ്യമാക്കുന്നതിനായി സീറ്റുകൾ കുറവുണ്ടായിരുന്ന മേഖലകളിൽ

പാലക്കാട്-30 ബാച്ചുകൾ, മലപ്പുറം-60 ബാച്ചുകൾ, കോഴിക്കോട്-20 ബാച്ചുകൾ, കാസർഗോഡ്-10 ബാച്ചുകൾ അധികമായി അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ